സഹകരണ മേഖലയുടെ പദ്ധതി പ്രവർത്തനങ്ങൾ

45 (5850) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയുടെ പദ്ധതി പ്രവർത്തനങ്ങളിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഈ രംഗത്ത് കൈവരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് 2011-12 സാമ്പത്തിക വർഷം മുതൽ സഹകരണ മേഖലയുടെ പദ്ധതി പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി കാലയളവിൽ പദ്ധതി നടത്തിപ്പിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

കാർഷികരംഗത്തും ആരോഗ്യരംഗത്തും പ്രൊഫഷണൽ രംഗത്തും ഉപഭോക്തൃ മേഖലയിലും ഭവന നിർമ്മാണരംഗത്തും ടൂറിസം രംഗത്തും ബാങ്കിംഗ് മേഖലയിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ടി സഹകരണ സംഘങ്ങൾക്കും വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വനിത സഹകരണ സംഘങ്ങൾക്കും ധനസഹായം അനുവദിക്കുകയും ടി രംഗങ്ങളിൽ നേട്ടം കൈവരിക്കാൻ സാധിക്കുകയുണ്ടായിട്ടുണ്ട്.

(സി) ഗ്രാമ പഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിനായി കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി. ആയതിനായി തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾവഴി കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകിവരുന്നു.

നെൽകൃഷിക്കുള്ള വായ്പ കർഷകർക്ക് പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ട്. ടി വായ്പകൾ പലിശരഹിത വായ്പയായി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉപകരണ സജ്ജമായ മണ്ണ് പരീക്ഷണശാലകളും കൃഷിയുമായി ബന്ധപ്പെട്ട പരീക്ഷണശാലകൾ ആരംഭിക്കുന്നതിനും സഹായം നൽകിവരുന്നു.

കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വിപണന സംഘങ്ങൾക്കായി പുതിയ പദ്ധതി ആവിഷ്കരിച്ചുനടപ്പിലാക്കുകയും നിലവിലുള്ള ദുർബല വിപണന സംഘങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി ധനസഹായം നൽകുകയും ചെയ്തുവരുന്നു.

ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിനായി നല്ല സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലാബുകൾ, ബ്ലഡ് ബാങ്ക് എന്നിവ താലൂക്ക്/ജില്ലാ ആശുപത്രികളിൽ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (സംസ്ഥാന പദ്ധതി പ്രകാരം) ആയതിന് പുറമെ നന്നായി പ്രവർത്തിച്ചുവരുന്ന സഹകരണ ആശുപത്രികൾക്ക് എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി പശ്ചാത്തല സൗകര്യ വികസനത്തിനായി ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെഭാഗമായി കേപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ആർ.ഐ.ഡി.എഫ്. കേപ്പിനുള്ള ധനസഹായം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സഹായം അനുവദിച്ചിട്ടുണ്ട്.

ഉപഭോക്തൃ മേഖലയിൽ നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവയുടെ നടത്തിപ്പിനും കൺസ്യൂമർ ഫെഡറേഷൻമുഖേന ത്രിവേണി സ്റ്റോറുകൾ മുതലായവയുടെ നടത്തിപ്പിനും സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികൾ പ്രകാരം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങളും കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

പ്രാഥമിക ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഓഹരി മൂലധന സഹായം അനുവദിച്ചുവരുന്നുണ്ട്. പ്രാഥമിക ഹൗസിംഗ് സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്ന ഉന്നതതല സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷനും ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിന് സഹായം അനുവദിച്ച് വരുന്നു.

ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിന് അപ്പക്സ് സ്ഥാപനമായ ടൂർഫെഡിനും നന്നായി പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനങ്ങളിൽകൂടിയും ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കിംഗ് മേഖലയിൽ കോർ ബാങ്കിംഗ്, എ.ടി.എം. സംവിധാനം മുതലായവ നടപ്പിലാക്കുന്നതിനും ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുന്നതിന് 2012-13-ൽ ഒരു നൂതന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുകയും ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും മാനേജീരിയൽ സബ്സിഡിയിനത്തിലും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്.

വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും അതുവഴി വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമായി വനിത സഹകരണ സംഘങ്ങൾക്ക് സബ്സിഡി, ഓഹരി മൂലധന സഹായവും ദുർബല വനിത സഹകരണസംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം ഓഹരി-വായ്പ-സബ്സിഡി എന്നീ ഇനങ്ങളിൽ പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സഹായവും അനുവദിച്ചുവരുന്നു. സഹകരണ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത് മരണപ്പെടുന്നവരുടെയും മാരകരോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെയും ബാധ്യത നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്നതിനുള്ള പദ്ധതിയായ റിക്സ് ഫണ്ട് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

സഹകരണ മേഖലയിൽനിന്നുള്ള വിദ്യാഭ്യാസവായ്പകൾ

46 (5851) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലൂടെ വിവിധ കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസവായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ് ; ഇതിന്റെ പലിശനിരക്കും തിരിച്ചടവ് സംബന്ധിച്ച വിവരങ്ങളും നൽകുമോ ;

(സി) ചേർത്തല താലൂക്കിലെ വിവിധ സഹകരണ ധനകാര്യ സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസ വായ്പയിനത്തിൽ ഈ സർക്കാർ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുക എത്രയെന്നും അതിന്റെ തിരിച്ചടവ് എപ്രകാരം പുരോഗമിക്കുന്നുവെന്നും വ്യക്തമാക്കുമോ ?